ഇ.എക്സ് /എച്ച്/46872/2025/സിജിഇ

പരീക്ഷാ കമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ ,പൂജപ്പുര
തിരുവനന്തപുരം –12
pareekshabhavanh@gmail.com
തീയതി : 14/08/2026

സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - പരീക്ഷാ ഭവൻ - സി എം കിഡ്സ് (എൽ പി ,യു പി) ഡ്യൂപ്ലിക്കേറ്റ് , തിരുത്തൽ –സംബന്ധിച്ച്

1) 2021 മുതൽ 2023 വരെ സി എം കിഡ്സ് (എൽ പി / യു പി) (എൽ എസ് എസ് /യു എസ് എസ്) സർട്ടിഫിക്കറ്റ് ഡ്യൂപ്ലിക്കേറ്റ് നായി സ്കൂൾ എച്ച് എം ൻറെ അപേക്ഷയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്തും ,350 രൂപയുടെ ചെല്ലാൻ **"0202-01-102-92 OTHER RECEIPTS"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി അപേക്ഷ തപാൽ മുഖാന്തരം "സെക്രട്ടറി പരീക്ഷാഭവൻ പൂജപ്പുര തിരുവനന്തപുരം 12" എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്
2) 2024 മുതലുള്ള സർട്ടിഫിക്കറ്റ് ഡ്യൂപ്ലിക്കേറ്റ് സ്കൂൾ എച്ച് എം ലോഗിൻ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്
3) സർട്ടിഫിക്കറ്റ് ലെ പേര് തിരുത്തുന്നതിനായി സ്കൂൾ എച്ച് എം ൻറെ അപേക്ഷ ,എച്ച് എം അറ്റെസ്റ്റ് ചെയ്ത അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് , 30 രൂപയുടെ ചെല്ലാൻ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്. (അഡ്മിഷൻ രജിസ്റ്റർ എക്സ്ട്രാട് സ്വീകാര്യമല്ല)
4) സർട്ടിഫിക്കറ്റ് ലെ ജനനതീയതി തിരുത്തുന്നതിനായി സ്കൂൾ എച്ച് എം ൻറെ അപേക്ഷ ,ജനന സർട്ടിഫിക്കറ്റ് ൻറെ പകർപ്പ് ,30 രൂപയുടെ ചെല്ലാൻ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.
5) 2024 മുതലുള്ള തിരുത്തൽ വരുത്തിയ സർട്ടിഫിക്കറ്റുകൾ സ്കൂൾ എച്ച് എം ലോഗിൻ നിന്നും വിദ്യാർത്ഥികൾക്ക് നൽകേണ്ടതുമാണ്
6) സി എം കിഡ്സ് പോർട്ടൽ username ,password എന്നിവ reset ചെയ്യുവാനായി സ്കൂൾ എച്ച് എം /എഇഒ lssusshelpdesk@gmail.com എന്ന gmail വിലാസത്തിൽ മെയിൽ ചെയ്യേണ്ടതാണ്.

സെക്രട്ടറി

സ്വീകർത്താവ്

1) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
3) എല്ലാ പ്രധാനധ്യാപകർക്കും(ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
4) സിസ്റ്റം മാനേജർ
5) കരുതൽ ഫയൽ